(ഇ) ഉണ്ട്. നടപടിക്കും റിപ്പോർട്ടിനുമായി മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് 8-5-2015-ലെ 36121/ഡി3/2015/ഹോം. എന്ന നമ്പർ കത്ത് പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്.

(എഫ്) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതാണ്. മേൽ കേസ്സിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് യോഗത്തിലെ അതിക്രമം

194 (3015) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഭരണസമിതി യോഗം നടക്കുമ്പോൾ അതിക്രമിച്ച് കയറിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പരാതി ആരാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത സംഭവത്തിൽ ആരുടെയൊക്കെ പേരിലാണ് കേസ് എടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(ഇ) ഏതെല്ലാം വകുപ്പുചേർത്താണ് പ്രസ്തുത കേസ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; പ്രതികൾ ഏത് സംഘടനയിൽ ഉൾപ്പെട്ടതാണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. കുഞ്ഞിരാമനും പ്രസിഡന്റ് ശ്രീ. കുഞ്ഞമ്മത് മാസ്റ്ററും പരാതി നൽകിയിട്ടുണ്ട്.

(സി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) കണ്ടാലറിയാവുന്ന കുറച്ച് ആളുകളെ പ്രതികളാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പേരാമ്പ്ര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 40/2015, u/s 143, 147, 448, 323 r/w 149 IPC & Sec.3(1) of PDPP Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികളാരെന്ന് തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ പ്രതികളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിവായിട്ടില്ല.

പാറ്റൂർ ഭൂമി തട്ടിപ്പ്

195 (3016) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറ്റൂർ ഭൂമി തട്ടിപ്പിനെക്കുറിച്ചുള്ള വിജിലൻസ് റിപ്പോർട്ട് ഏതെങ്കിലും ഏജൻസി കൈമാറിയിട്ടുണ്ടോ ; സർക്കാർ ഭൂമി കൈവശപ്പെടുത്തുന്നതിൽ സ്വകാര്യ സ്ഥാപനത്തിന് ഉന്നതർ സഹായം ചെയ്തതായി പ്രാഥമിക അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ ;

(ബി) ഉത്തരവാദികൾ ആരെല്ലാമാണെന്നും ഓരോരുത്തരുടെയും പങ്ക് എന്തായിരുന്നുവെന്നും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ; എന്തെല്ലാം തെളിവുകളിലൂടെയാണ് ഓരോരുത്തരുടെയും നേരിട്ടുള്ള പങ്ക് കണ്ടെത്തിയിരിക്കുന്നത് ;

(സി) ഫ്ലാറ്റ് പണിയുന്നതിനു പുറമ്പോക്കിലുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ സ്വകാര്യ കമ്പനി നൽകിയ അപേക്ഷയിൽ അനുകൂലമായി അന്തിമ തീരുമാനം എടുത്തത് ആരായിരുന്നു ;

(ഡി) വിജിലൻസ് പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം നൽകാവുന്ന ഒന്നാണോ ; ഇത് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ&ബി) പാറ്റൂർ ഭൂമി വിവാദവുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. ടി അന്വേഷണത്തിൽ ഏതെങ്കിലും ഉന്നതർക്ക് പങ്കുള്ളതായി തെളിഞ്ഞിട്ടില്ല.

(സി) 18-2-2014-ലെ ജി.ഒ.(ആർ.റ്റി) 1024/2014/റവ. നമ്പർ ഉത്തരവു പ്രകാരം രൂപീകരിച്ച കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടും അതിൽ ഉൾപ്പെട്ടിട്ടുള്ള ശിപാർശകളും പരിശോധിച്ചശേഷമാണ് ഇതുസംബന്ധിച്ച കമ്മിറ്റിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly